ആഭ്യന്തര വിഭവസമാഹരണത്തിൽ സാരമായ കുറവുണ്ട്. 1999-2000-ലെ താൽക്കാലിക വാർഷിക കണക്ക് അനുസരിച്ച് 838.68 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടപ്പത്ര വില്പനയിലൂടേയും കടമെടുത്തെങ്കിലും മൂലധന നിക്ഷേപം 708.78 കോടി രൂപയായിരുന്നു. ഭരണച്ചെലവ് നടത്താൻ മാത്രമായി വായ്പ എടുക്കാറില്ല. മൂലധന ചെലവുകൾക്കാണ് വായ്പ എടുക്കാറുള്ളത്. മേല്പറഞ്ഞ കാരണങ്ങളാൽ ഒരു ഭാഗം റവന്യൂ ചെലവിനായും വിനിയോഗിക്കേണ്ടതായി വന്നിട്ടുണ്ട്.

(ഡി) 1999-2000-ലെ ബോർഡിന്റെ താല്ക്കാലിക വാർഷിക കണക്ക് പ്രകാരം 462.02 കോടി രൂപയാണ് ഒരുവർഷത്തെ മൊത്തം പലിശച്ചെലവ്.

വിദ്യുച്ഛക്തി വകുപ്പിന്റെ വായ്പ

105 (330) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2000-ലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പ എത്രയാണ് ;

(ബി) കെ.എസ്.ഇ.ബി.ക്ക് ഒരു വർഷം പലിശയിനത്തിൽ വരുന്ന ബാദ്ധ്യത എത്രയാണ് ?

ഉത്തരം

(എ) ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് 31-12-2000 വരെ ബോർഡിന് 4015.33 കോടി രൂപയുടെ കടബാദ്ധ്യത ഉണ്ട്.

(ബി) ബോർഡിന്റെ 2000-2001-ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 531.42 കോടി രൂപയാണ് ഈ വർഷം ധനകാര്യസ്ഥാപനങ്ങളുടെ പലിശ ഇനത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ളത്.

വിദ്യുച്ഛക്തി വകുപ്പിന്റെ വായ്പ

106 (331) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനവൈദ്യുതി ബോർഡിന് വായ്പ വാങ്ങാവുന്ന തുകയുടെ പരിധി എത്രയായിരുന്നു ;

(ബി) അന്ന് സംസ്ഥാന വൈദ്യുതി ബോർഡിന് വാങ്ങിയിരുന്ന വായ്പയെത്രയായിരുന്നു ;

(സി) അന്ന് പലിശയിനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു വർഷത്തെ ചിലവെത്രയായിരുന്നു ;

(ഡി) ഇപ്പോൾ വൈദ്യുതി ബോർഡിന് വായ്പ വാങ്ങാവുന്ന തുകയുടെ പരിധിയെത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly